(ഇ) ഇവരെ അറസ്റ്റ് ചെയ്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ മുതൽ ഇ വരെ) വിവരം ശേഖരിച്ചുവരുന്നു.

## ക്രിമിനൽ കേസ്സിന്റെ പേരിൽ നിയമനം തടഞ്ഞ നടപടി

59 [1534] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. അഡ്വൈസ് ലഭിച്ച് നിയമനത്തിന് പോകുന്ന ഉദ്യോഗാർത്ഥികൾ അവരുടെ പേരിലുള്ള ക്രിമിനൽ കേസ്സുകളെ സംബന്ധിച്ച അറിവില്ലാത്തതു മൂലം ആയത് രേഖപ്പെടുത്താത്തതുകൊണ്ട് സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര പേരുടെ നിയമനം തടഞ്ഞുവച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര നിവേദനങ്ങൾ ആഭ്യന്തര വകുപ്പിനും മുഖ്യമന്ത്രിക്കും ലഭിച്ചിട്ടുണ്ട് എന്നും ഇവയിൻമേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ;

(സി) നിയമനം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ളവർക്ക് അവരുടെ പേരിലുള്ള കേസ്സുകൾ തീർപ്പാക്കുന്നതുവരെ നിയമനം നൽകുവാനും അവർക്കെതിരെയുള്ള കേസ്സുകളിൽ ശിക്ഷിക്കപ്പെടുകയാണെങ്കിൽ അതിനു ശേഷം അവരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതിനും പ്രസ്തുത വകുപ്പുകൾക്ക് അടിയന്തിര നിർദ്ദേശം നൽകുമോ;

(ഡി) ഇത്തരത്തിൽ മുഖ്യമന്ത്രിക്കു നിവേദനം നൽകി ഉത്തരവു കാത്തിരിക്കുന്ന പാലക്കാട് ജില്ലയിലെ ഉദ്യോഗാർത്ഥികൾ എന്നാണ് മുഖ്യമന്ത്രിക്ക് നിവേദനം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിൻമേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ), (ബി), (സി), (ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു

## സർവ്വീസ് ബുക്ക് നഷ്ടപ്പെടുത്തുന്നവർക്കെതിരെ നടപടി

60 [1535] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് ആരുടേതൊക്കെയാണെന്നു വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടതിന്റെ പേരിൽ ആരുടെയൊക്കെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മുന്ന് ഉദ്യോഗസ്ഥൻമാരുടെ സർവ്വീസ് ബുക്കുകൾ കാണാനില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വീസ് ബുക്കുകൾ താഴെ പറയുന്നവരുടേതാണ്:

1. ശ്രീ. എൻ. ജെ. ജോൺസൺ, എ. സി., കോഴിക്കോട് റൂറൽ
2. ശ്രീ. കെ. ശ്രീധരൻ, റിട്ടയേർഡ് എസ്. പി., എസ്.ബി.സി.ഐ.ഡി., കോഴിക്കോട്
3. ശ്രീ. കെ. കുഞ്ഞിയക്കൻ, റിട്ടയേർഡ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഡി.ഐ.ജി. ഓഫീസ് കണ്ണൂർ. ഇതിൽ ജോൺസന്റെ സർവ്വീസ് ബുക്ക് തെരച്ചിലിൽ കണ്ടെടുത്തിട്ടുണ്ട്. ബാക്കി രണ്ട് സർവ്വീസ് ബുക്കുകൾക്കായി തെരച്ചിൽ തുടരുന്നു.

(സി & ഡി) സർവ്വീസ് ബുക്കുകൾ കാണാതായതിനെപ്പറ്റി പോലീസ് ഹെഡ്ക്വാർട്ടേഴസ് മാനേജർ ഒരു പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. സ്ഥാനഭ്രംശത്താൽ ശ്രദ്ധിക്കപ്പെടാതെ പോയ സർവ്വീസ് ബുക്കുകളിൽ ഒരെണ്ണം കണ്ടെടുത്തിട്ടുണ്ട്. മറ്റ് രണ്ട് സർവ്വീസ് ബുക്കുകൾക്കായി തെരച്ചിൽ തുടരുന്നു. സർവ്വീസ് ബുക്കുകളുടെ അഭാവത്തിൽ സർവ്വീസ് ബുക്കിന് ഉപോൽബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ രണ്ട് റിട്ടയേർഡ് ഓഫീസർമാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ട്.

അബ്കാരി ആക്ട് പ്രകാരം അറസ്റ്റിലായവർ

61 [1536] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി ആക്ട് പ്രകാരം അറസ്റ്റിലാകുന്നവരെ വിചാരണ നടത്തേണ്ടത് ഏത് കോടതികളിലാണ്;

LIBRARY ARCHIVES Kerala Legislative Assembly